പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2224 | 08.07.2015- ൽ മറുപടി<br>നല്കേണ്ടത്. |

## കുറഞ്ഞ നിരക്കിൽ രോഗ നിർണ്ണയ പരിശോധനകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ<br>" വി.ശശി<br>" ജി.എസ്.ജയലാൽ<br>" ഇ.കെ. വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം പരിശോധനകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എ) | ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് ലാബിലും മറ്റ് റീജിയണൽ ആശുപത്രികളിലെ ജില്ലാലാബുകളിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് തികച്ചും സൗജന്യമായും നിരവധി ടെസ്റ്റുകൾ നടത്തിവരുന്നു. പൊതുവായി നടത്തിവരുന്ന എല്ലാ ടെസ്റ്റുകൾക്കും പുറമെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് ലാബിൽ ആധുനികമായ താഴെപറയുന്ന ടെസ്റ്റുകൾ അതിനോട് ചേർത്തിരിക്കുന്ന ഫീസുകൾ വാങ്ങി നടത്തിവരുന്നു. ടി ടെസ്റ്റുകൾ സ്വകാര്യ മേഖലയിൽ അനേകം ഇരട്ടി ഫീസാണ് വാങ്ങുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>എലീസാ വർക്ക് സ്റ്റേഷൻ<br>ഹെപ്പറ്റൈറ്റിസ് എ.ബി.സി - ( രൂപ 50/ വീതം)<br>എലീസാടെസ്റ്റ് - (ഫ്രീ)<br>ഡെങ്കി ഐ.ജി.എം. - (ഫ്രീ)<br>ലെപ്റ്റോ ഐ.ജി.എം - (ഫ്രീ)<br>സ്ക്രബ് ടൈഫസ് ഐ.ജി.എം -( രൂപ 150 മാത്രം)<br>ചിക്കൻ ഗുനിയ ഐ.ജി.എം - (ഫ്രീ)<br>കെമിലുമിനസെൻസ് മെഷീൻ<br>റ്റി3 -50/-<br>റ്റി4-50/-<br>റ്റി.എസ്. എച്ച്- 50/- |

| | | | |
|---|---|---|---|
| | | | പി.എസ്. എ- 150/-<br>ഫെറിറ്റിൻ -100/-<br>എൽ. എച്ച് - 100/-<br>എഫ്. എസ്. എച്ച് -100/-<br>സി. എ -125/-<br><u>കൾച്ചർ & ഐഡന്റിഫിക്കേഷൻ സിസ്റ്റം</u><br>ബ്ളഡ് - 25/-<br>യൂറിൻ -25/-<br>സ്പൂറ്റം - 25/-<br>പസ് -25/-<br>പി.സി. ആർ ടെസ്റ്റുകളുടെയും അതിന്റെ ഫീസ് നിലവാരവും അനുബന്ധമായി ചേർക്കുന്നു. |
| ബി) | സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും എത്രത്തോളം നിരക്ക് കുറച്ചാണ് സർക്കാർ ആശുപത്രികളിൽ പരിശോധനകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളി പ്പെടുത്താമോ? | ബി) | സ്വകാര്യ ആശുപത്രികളുടെ നിരക്ക് ലഭ്യമല്ല. |
| സി) | സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയ പരിശോ ധനകൾ നടത്തുന്ന കാര്യം പരി ഗണിക്കുമോ? | സി) | സർക്കാർ ആശുപത്രികളിൽ ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായാണ് രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്നത് . എന്നാൽ എ.പി. എൽ കാരിൽ നിന്ന് ആശുപത്രി വികസന സമിതികൾ നിശ്ചയിക്കുന്ന നിരക്കാണ് രോഗനിർണ്ണയ പരിശോധനകൾക്ക് ഈടാക്കുന്നത്. ആർ.എസ്.ബി.വൈ. ചിസ് പ്ളസ് പദ്ധതികളിലൂടെ നിർദ്ധനരായ രോഗികൾക്ക് രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

Bosnam Imo

1) Test rate

PCR

| Name of test | Amount |
| --- | --- |
| M. tuberculosis detection | 750 |
| Hepatitis C Virus quantitation | 1500 |
| Hepatitis B Virus quantitation | 1000 |
| Viral meningitis detection (HSV, enterovirus and mumps) | 1800 |
| Neonatal meningitis detection (Group B Streptococcus and E Coli) | 1500 |
| Bacterial meningitis detection (Str. Pneumoniae, N. meningitidis and H. Influenza) | 1500 |
| HSV 1 & 2, VZV, adenovirus and Chlamydia trachomatis detection | 1800 |

Section Officer